[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

എസ്റ്റേറ്റിന്റെ വാടക പിരിക്കാനുള്ളതിന്റെ കണക്കു ഗവൺമെന്റിന്റെ ഒരുവലോകനം അനുസരിച്ച്—പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒരു കണക്കനുസരിച്ച്—8 ലക്ഷം രൂപാ വാടകക്കുടിശ്ശിക പിരിച്ചെടുക്കാൻ ഒരു ശ്രമം നടത്തിയിട്ട് 56,000 രൂപാ പിരിഞ്ഞുകിട്ടി; പിരിക്കാൻ 7 1/2 ലക്ഷം രൂപയോളം ചെലവായി. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി പുറപ്പെടുവിച്ച കണക്കാണിത്. 56,000 രൂപ പിരിച്ചെടുക്കാൻ 7 1/2 ലക്ഷം ഉറുപ്പിക ചെലവാക്കി എന്നു പറഞ്ഞാൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റു റിക്കാർഡുകളുടെ അനാരോഗ്യപരമായ ഒരു നിലയാണ്. അത് ഒന്നു ഭേദപ്പെടുത്തണം.

സോഷ്യലിസമെന്നുപറഞ്ഞാൽ നാഷണലൈസേഷനാണെന്നുള്ള തെറ്റിദ്ധാരണയാണെന്നാണ് എനിക്കു തോന്നുന്നത് നാഷണലൈസേഷനെ എതിർക്കാനല്ല ഇതു പറയുന്നത്. സോഷ്യലിസമെന്നു പറഞ്ഞാൽ നാഷണലൈസേഷൻ കൂടാതെ പലകാര്യങ്ങളുമുണ്ട്. പൂർണ്ണമായ തൊഴിൽസൗകര്യങ്ങളും ന്യായമായ ജീവിതസൗകര്യങ്ങളും സാമൂഹ്യസുരക്ഷിതത്വം എന്നൊക്കെയല്ലാതെ നാഷണലൈസേഷൻ എന്ന് അർത്ഥമില്ല. സോഷ്യൽ സെക്യൂരിറ്റിക്കുവേണ്ടിയുള്ള ചില പദ്ധതികളുണ്ട്. പാവപ്പെട്ടയാളുകൾക്ക് വയോജനപെൻഷൻ പൊലെയും മറ്റുമുള്ള പെൻഷനുകൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആറും ഏഴും മാസം കൂടുമ്പോൾ മാത്രമാണത് ഇപ്പോൾ കൊടുക്കുന്നത്. തുകതന്നെ വെറും 15 രൂപയാണ്. അതൊക്കെ ശരിക്കു നിർവഹിക്കുന്ന കാര്യത്തിൽ കുറെക്കൂടി ശ്രദ്ധ പതിപ്പിക്കുകയും രാജ്യത്തെ ക്രമസമാധാനം ഉറപ്പുവരുത്തുകയും വേണം.

അവസാനിപ്പിക്കുന്നതിനു മുൻപ്, എന്റെ യുവ സ്നേഹിതൻ ശ്രീ. പി. പി. ജോർജ് പറഞ്ഞ ഒരു കാര്യത്തെപ്പറ്റി രണ്ടു വാക്കുകൂടി പറയുകയാണ്. സിൻഡിക്കേറ്റ് എന്നുള്ള പദം എടുത്തുകൊണ്ടുപോയി മറ്റുള്ളവർക്കു കൊടുക്കാൻ അദ്ദേഹം നോക്കി എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ആ ശ്രമം നന്നായില്ല., അതു വേണ്ടിയിരുന്നില്ല. സിൻഡിക്കേറ്റ് എന്നുള്ള പേര് ഞങ്ങൾതന്നെ എടുത്തുകൊള്ളാം, ശ്രീ. ജോർജ് ആ രീതിയിൽ അഭിപ്രായം പുറപ്പെടുവിക്കേണ്ടിയിരുന്നില്ലായിരുന്നു എന്നുള്ളത് ആദരപൂർവം, സ്നേഹബുദ്ധിയോടുകൂടി സഹോദരബുദ്ധ്യാ ഞാൻ പറയുകയാണ്. ഇത്രയുമേ എനിക്കു പറയാനുള്ളു.

PANEL OF CHAIRMEN.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഈ സെഷനിൽ പാനൽ ഓഫ് ചെയർമൻമാരായി ശ്രീ. അലക്സാണ്ടർ പറമ്പിത്തറ, ശ്രീ. കെ. മൊയ്തീൻ കുട്ടിഹാജി, ശ്രീ. കെ. പി. രാഘവപ്പൊതുവാൾ എന്നീ മൂന്ന് മെമ്പറൻമാരെ നിയമിച്ചിരിക്കുകയാണ്.

DISCUSSION ON THE GOVERNOR'S ADDRESS—(*Contd.*)

ശ്രീ. വി. ശ്രീധരൻ: സർ, ശ്രീമാൻ പി. ആർ. കുറുപ്പ് ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് അവതരിപ്പിച്ചിരിക്കുന്ന നന്ദി പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഇന്നത്തെ കൂട്ട് മുന്നണി മന്ത്രിസഭ എങ്ങിനെയാണ് അധികാരത്തിൽ വന്നതെന്നും, അവർ അധികാരത്തിൽ വന്ന സാഹചര്യം എന്താണെന്നുമുള്ളതിനെപ്പറ്റി വളരെ വിശദമായി പ്രതിപാദിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അത് ഈ സഭയിലെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. രാജ്യസഭാമെമ്പറായിരുന്ന ശ്രീ. അച്യുതമേനോൻ ഒരു ദിവസം രാവിലെ ഇവിടെ വന്നു ഗവർണ്ണറെ കണ്ടു. ഗവർണ്ണർ അദ്ദേഹത്തിന് ഒരു മന്ത്രി സഭ രൂപീകരിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly